**കുറിപ്പുകൾ**



കൊളംബോയിൽ നബിദിനറാലിക്കെതിരെ നടന്ന എൽ.ടി.ടി.ഇ ചാവേർ ആക്രമണം

# സിംഹളരുടെ ഭീകരതയും തമിഴരുടെ പ്രതിഭീകരതയും

**ശമീർബാബു കൊടുവള്ളി**

**ശ്രീലങ്കയിൽ** സിംഹള - തമിഴ്‌വംശീയതകൾ തമ്മിലുള്ള പോര് നിർണായക ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. 2006 ആഗസ്റ്റിൽ ശ്രീലങ്കൻ പ്രസിഡന്റ് മഹീന്ദ്ര രാജപക്സെ തുടക്കമിട്ട സൈനിക നടപടിയാണ് വംശീയയുദ്ധം മൂർഛരിക്കാൻ ഇടവരുത്തിയത്.

1948 ഫെബ്രുവരി നാലിനായിരുന്നു ബ്രിട്ടീഷുകാരിൽനിന്ന് ശ്രീലങ്ക സ്വാതന്ത്ര്യം നേടിയത്. സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ 74 ശതമാനം വരുന്ന സിംഹളരും 18 ശതമാനം വരുന്ന തമിഴരും തമ്മിൽ കാര്യമായ പ്രശ്നമൊന്നും ഉണ്ടായിരുന്നില്ല. സ്വാതന്ത്ര്യാനന്തരം അധികാരത്തിൽ വന്ന സർക്കാർ സിംഹള വിഭാഗത്തിന്റെ സമ്മർദത്തിനു വഴങ്ങി സ്വീകരിച്ച ചില നിയമനടപടികളാണ് തമിഴ് വംശീയത ഊതിക്കത്തിച്ചത്. ഇവയാണ് സർക്കാർ സ്വീകരിച്ച പ്രധാനപ്പെട്ട നിയമ നടപടികൾ:

ഒന്ന്, 1948ലെ പൗരാവകാശ നിയമം: പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലി, പാസ്പോർട്ട്, മറ്റു യാത്രാ രേഖകൾ, വോട്ടർ പട്ടികയിൽ പേരുചേർക്കൽ തുടങ്ങിയവക്ക് തമിഴ് വംശജർ പൗരത്വം തെളിയിക്കുന്ന രേഖകൾ ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തു.

രണ്ട്, 1949ലെ വോട്ടവകാശ നിയമം: തമിഴ് വംശജരുടെ വോട്ടവകാശം പരിമിതപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഈ നിയമം അവരുടെ പ്രാതിനിധ്യം പാർലമെന്റിൽ കുറയാനിടയാക്കി.

മൂന്ന്, 1956ലെ ഔദ്യോഗിക ഭാഷാ നിയമം: ഔദ്യോഗിക ഭാഷാപദവി സിംഹളഭാഷക്കു മാത്രമായി നൽകി. ഈ നിയമം കൊണ്ടുവരുന്നതുവരെ സിംഹളഭാഷക്കും തമിഴ്ഭാഷക്കും തുല്യപദവിയായിരുന്നു.

നാല്, വിദ്യാഭ്യാസനിയമം: ഗ്രാമപ്രദേശങ്ങളിലെ വിദ്യാർഥികൾക്ക് സർവകലാശാലാ പ്രവേശനം ഉറപ്പുവരുത്താൻ കൊണ്ടുവന്ന നിയമമാണെങ്കിലും, ഇതനുസരിച്ച് ഒരേ വിഷയത്തിൽ സിംഹളരേക്കാൾ കൂടുതൽ മാർക്ക് വാങ്ങിയാലേ തമിഴർക്ക് സർവകലാശാലാ പ്രവേശനം ലഭിക്കുകയുള്ളൂ.

തമിഴരെ അന്യവത്കരിക്കുന്ന വേറെയും നീക്കങ്ങൾ സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടായി. തമിഴ് ഭൂരിപക്ഷ പ്രദേശങ്ങൾ സിംഹള കോളനിയാക്കാനുള്ള സർക്കാറിന്റെ ശ്രമം അതിലൊന്നാണ്. സർക്കാറിൽനിന്നുണ്ടായ വിവേചനത്തിന്റെ വേദനയും അമർഷവുമാണ് തമിഴ് വംശീയ പ്രശ്നത്തെ ഇത്രത്തോളം രൂക്ഷമാക്കിയത്.

ശ്രീലങ്കൻ സർക്കാറിൽനിന്നുണ്ടായ ദുരനുഭവങ്ങൾ എൽ.ടി.ടി.ഇ (Liberation Tiger of Tamil Eelam)യുടെ രൂപവത്കരണത്തിലാണ് കലാശിച്ചത്. 1976ൽ തുൾഫി(Tamil United Liberation Front)ന്റെ കീഴിൽ തമിഴ് സംഘടനകളുടെ ഒരു യോഗം ചേർന്നു. അതിൽ വെച്ചാണ് വേലുപിള്ള പ്രഭാകരന്റെ നേതൃത്വത്തിൽ എൽ.ടി.ടി.ഇ രൂപവത്കരിക്കപ്പെടുന്നത്. അങ്ങനെ 54 രാജ്യങ്ങളിൽ ചിതറിക്കിടന്ന 4.5 ലക്ഷം തമിഴ് വംശജരുടെ പ്രതിനിധാനം എൽ.ടി.ടി.ഇ ഏറ്റെടുത്തു.

എൽ.ടി.ടി.ഇയുടെ രംഗപ്രവേശം എരിതീയിൽ എണ്ണയൊഴിച്ചത് പോലെയായി. തമിഴ്‌വംശജർക്ക് ജാഫ്ന കേന്ദ്രീകരിച്ച് ഒരു സ്വതന്ത്ര രാഷ്ട്രം വേണമെന്ന് എൽ.ടി.ടി.ഇ അവകാശവാദം ഉന്നയിച്ചു.

**വിഘടനവാദവും തീവ്രനിലപാടും ഉപേക്ഷിച്ച് ഒരു രാഷ്ട്രീയ പരിഹാരത്തിനാണ് എൽ.ടി.ടി.ഇ മുന്നോട്ടുവരേണ്ടത്. ഇതിന് മറ്റൊരു രാഷ്ട്രത്തിന്റെ മധ്യസ്ഥത സ്വീകരിക്കുകയുമാവാം. ഇനിയും പ്രതിഭീകരതയുമായി മുന്നോട്ടുപോവാനാണ് ഭാവമെങ്കിൽ രംഗം കലുഷിതമാക്കാനേ അത് ഉപകരിക്കൂ.**

സായുധകലാപത്തിലൂടെ സിംഹളർക്കും സർക്കാറിനുമെതിരെ തുല്യനാണയത്തിൽ തിരിച്ചടിക്കാനും പുലികൾ തീരുമാനിച്ചു. ശ്രീലങ്കൻ സർക്കാറും പുലികളും തമ്മിൽ ആഭ്യന്തരയുദ്ധമായിരുന്നു ഫലം. ഇത് ദുരിതക്കയത്തിലേക്കാണ് ശ്രീലങ്കൻ ജനതയെ തള്ളിവീഴ്ത്തിയത്.

ശ്രീലങ്കൻ സർക്കാറിന്റെ വിവേചന ഭീകരതയും എൽ.ടി.ടി.ഇയുടെ പ്രതിഭീകരതയും ജനലക്ഷങ്ങളുടെ കൂട്ടക്കുരുതിയിൽ കലാശിച്ചു. എൽ.ടി.ടി.ഇയുടെ പതാകയുടെ നിറമായ ചുവപ്പ് രക്തംചീറ്റലിനെയും അതിലെ പുലി ആക്രമണോത്സുകതയെയും സൂചിപ്പിക്കുന്നു. 'സ്വതന്ത്ര ഈഴ'ത്തിൽ കുറഞ്ഞ ഒന്നും പുലികൾക്ക് സ്വീകാര്യമല്ല. എൽ.ടി.ടി.ഇ കവർന്നെടുത്ത ജീവൻ രണ്ടു ലക്ഷത്തിലധികം വരും. ഒട്ടേറെ നേതാക്കളെയും അവർ വകവരുത്തുകയുണ്ടായി. ശ്രീല

ങ്കൻ പ്രശ്നപരിഹാരത്തിന് മുൻകൈയെടുത്ത രാജീവ് ഗാന്ധിയും ശ്രീലങ്കൻ പ്രസിഡന്റായിരുന്ന രത്ന സിംഹെ പ്രേമദാസും, തമിഴ് ഈഴത്തോട് വിയോജിപ്പ് പ്രകടിപ്പിച്ച തമിഴ് വംശജനും വിദേശകാര്യ മന്ത്രിയുമായിരുന്ന അതിർമഗമറും വധിക്കപ്പെട്ട നേതാക്കളിൽ പെടും. പുലിസേനയിൽ ചേരാത്തവരും ഇതര തമിഴ് സംഘടനാ നേതാക്കളും മാത്രമല്ല ശ്രീലങ്കയിലെ മുസ്‌ലിം ന്യൂനപക്ഷം പോലും പുലികളുടെ ഹിറ്റ്ലിസ്റ്റിൽ പെട്ടു.

മറുഭാഗത്ത് എൽ.ടി.ടി.ഇയെ നേരിടാൻ ശ്രീലങ്കൻ സർക്കാർ വഴിവിട്ട രീതികളാണ് അവലംബിച്ചത്. അഹിംസാചാര്യനായ ശ്രീബുദ്ധന്റെ പിൻഗാമികളെന്ന് അവകാശപ്പെടുന്ന സിംഹളർക്ക് ഒട്ടും ചേരുന്നതായിരുന്നില്ല ആ ഹിംസയുടെ വഴികൾ. നിരപരാധികളായ സിവിലിയന്മാർ ആക്രമിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താൻ സർക്കാറിന് സാധിച്ചില്ല. ഇപ്പോഴത്തെ സൈനിക മുന്നേറ്റവും യുദ്ധ മര്യാദകൾ കാറ്റിൽപറത്തുന്ന തരത്തിൽ തന്നെയായിരുന്നു. യുദ്ധമേഖലയിൽ കുടുങ്ങിപ്പോയ മൂന്നു ലക്ഷം വരുന്ന സിവിലിയന്മാരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിൽ ഭരണകൂടം പരാജയപ്പെട്ടു.

ശ്രീലങ്കയിലെ വംശീയ പ്രശ്നം തമിഴ് രാഷ്ട്രീയത്തിലും പൊട്ടലും ചീറ്റലും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. തമിഴ്നാട്ടിലെ പല സംഘടനകൾക്കും എൽ.ടി.ടി.ഇയോട് അനുഭാവമുണ്ട്. വൈക്കോയും നെടുമാരനും പുലികൾക്കു വേണ്ടി പ്രചാരണം നടത്തുന്നവരാണ്. കരുണാനിധിയും പുലികളെ അനുകൂലിക്കുന്നു. 1994ൽ രൂപീകൃതമായ എം.ഡി.എം.കെ 'പ്രത്യേക ഈഴം' സ്വന്തം മുദ്രാവാക്യമായി ഏറ്റെടുത്തിരുന്നു. ഇതുകാരണം എൽ.ടി.ടി.ഇ ഇന്ത്യക്കും തലവേദനയായി മാറുന്നു.

ശ്രീലങ്കയിൽ വംശീയയുദ്ധം രൂക്ഷമായപ്പോൾ തമിഴ്നാട്ടിൽ ചില അനിഷ്ട സംഭവങ്ങൾ അരങ്ങേറി. എൽ.ടി.ടി.ഇ വിരുദ്ധനായ ജനതാ പാർട്ടി പ്രസിഡന്റ് സുബ്രഹ്മണ്യസ്വാമിക്ക് ചെന്നൈ ഹൈക്കോടതിയിൽ വെച്ച് മർദനവും ചീമുട്ടയേറും ഏൽക്കേണ്ടിവന്നു. അഭിഭാഷകർ കോടതി ബഹിഷ്കരിച്ചു. അഭിഭാഷകനായ മലയാളി ഫയർ ഓഫീസറുടെ കാർ അഗ്നിക്കിരയാക്കി.

തമിഴ് പാർട്ടികളുടെ എൽ.ടി.ടി.ഇ അനുകൂല നിലപാട് പക്വമോ വിവേകപൂർണമോ അല്ല. ശ്രീലങ്കൻ തമിഴരോടുള്ള അനുഭാവവും അനുകമ്പയും പ്രകടിപ്പിക്കേണ്ടത് ജനാധിപത്യ രീതിയിലും രാഷ്ട്രീയ പോംവഴികൾ തേടിക്കൊണ്ടുമായിരിക്കണം. വിഘടനവാദത്തെ പ്രോത്സാഹിപ്പിച്ചും പൊതുമുതൽ നശിപ്പിച്ചും സ്വൈരജീവിതത്തിനു വിഘാതം സൃഷ്ടിച്ചുമാവരുത്.

സിംഹളരും തമിഴരും തമ്മിലുള്ള പ്രശ്നത്തിന് മാനവികതയുടെ ഭൂമികയിൽനിന്നുകൊണ്ടാണ് പരിഹാരം തേടേണ്ടത്. വംശീയ മനോഭാവം ഒന്നിനും പരിഹാരമല്ല. എൽ.ടി.ടി.ഇയുടെ തീവ്രനിലപാടും സർക്കാറിന്റെ അടിച്ചമർത്തൽ നയവും ഒരുപോലെ അധിക്ഷേപാർഹമാണ്. ദ്വിരാഷ്ട്രവാദത്തെയും വിഘടനവാദത്തെയും പൊറുപ്പിക്കാനാവില്ല. അതേസമയം അന്തസ്സോടെ ജീവിക്കാനുള്ള അവകാശം പൗരന്മാർക്ക് ഉറപ്പുവരുത്തുകയും വേണം.

വിഘടനവാദവും തീവ്രനിലപാടും ഉപേക്ഷിച്ച് ഒരു രാഷ്ട്രീയ പരിഹാരത്തിനാണ് എൽ.ടി.ടി.ഇ മുന്നോട്ടുവരേണ്ടത്. ഇതിന് മറ്റൊരു രാഷ്ട്രത്തിന്റെ മധ്യസ്ഥത സ്വീകരിക്കുകയുമാവാം. ഇനിയും പ്രതിഭീകരതയുമായി മുന്നോട്ടുപോവാനാണ് ഭാവമെങ്കിൽ രംഗം കലുഷിതമാക്കാനേ അത് ഉപകരിക്കൂ. ■

essarbi@gmail.com